**ക്രമപ്രശ്നം**

വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം

ശ്രീ. ടി. സിദ്ദിഖ്: സർ, ഇന്നത്തെ ദിവസത്തിന് ഒരു വലിയ പ്രത്യേകതയുണ്ട്. ജനാധിപത്യ ഇന്ത്യാ രാജ്യത്ത് ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാനുള്ള പല നിയമനിർമ്മാണങ്ങളും നിരവധിയായി കടന്നുവന്നിട്ടുണ്ട്. അതിലേറ്റവും പരമപ്രധാനമായി ജനങ്ങൾക്ക് അധികാരവും അവകാശവും നൽകുന്ന പരമപ്രധാനമായിട്ടുള്ള ഒരു നിയമ നിർമ്മാണമാണ് വിവരാവകാശ നിയമം. 1923-ലെ THE OFFICIAL SECRETS ACT-ലെ പല വകുപ്പുകളും റിപ്പീൽ ചെയ്തുകൊണ്ടാണ് ആ നിയമ നിർമ്മാണത്തിന് നാം നേതൃത്വംകൊടുത്തത്. അത് പ്രാബല്യത്തിൽ വന്നതായിട്ടുള്ള ദിവസം 2005 ഒക്ടോബർ മാസം 12-ാം തീയതിയാണ്, ഇന്ന് അതിന് 16 വർഷം തികയുകയാണ്. ഈ നിയമം സ്വതന്ത്ര ഇന്ത്യയിൽ നിർമ്മിക്കപ്പെട്ടതായ ഏറ്റവും ജനപക്ഷമായിട്ടുള്ള നിയമനിർമ്മാണമാണ്. പൊതുസമൂഹത്തിന് പ്രാപ്യമല്ലാതായിട്ടുള്ള വിവരങ്ങൾ, അതുപോലെതന്നെ പാർലമെന്റ് അംഗങ്ങൾക്കും നിയമസഭാ സാമാജികർക്കും ഉൾപ്പെടെ മാത്രം പ്രാപ്യമായിരുന്നതും, അവർക്കുപോലും ലഭ്യമല്ലാതായിരുന്ന വിവരങ്ങൾ ജനങ്ങൾക്ക് കൈമാറാൻവേണ്ടി നിയമം നിർമ്മിക്കപ്പെട്ട് അത്

പ്രാബല്യത്തിൽ വന്ന അതിപ്രധാനമായ ഒരു സന്ദർഭം. ഇന്ന് ഈ സാഹചര്യത്തിൽ പറയാനുള്ള പ്രധാന കാരണമുണ്ട്. ഈ നിയമത്തിന്റെ മുനഒടിക്കുന്നതിനായി ഒളിഞ്ഞും തെളിഞ്ഞുമുള്ള സംഘടിത ശ്രമം നടക്കുകയാണ്. വിശാലമായ ജനാധിപത്യ കാഴ്ചപ്പാടിൽ നിർമ്മിക്കപ്പെട്ട നിയമത്തിന്റെ അന്ത:സത്തയെത്തന്നെ ചോദ്യം ചെയ്യുന്ന അതിപ്രധാനമായ സാഹചര്യങ്ങൾ ഉടലെടുക്കുകയാണ്. The Right To Information Act, 2005 (RTI) -ആക്ടിന്റെ Section 25(1) ഇവിടെ വായിക്കുകയാണ്.

"(1) The Central Information Commission or State Information Commission, as the case may be, shall, as soon as practicable after the end of each year, prepare a report on the implementation of the provisions of this Act during that year and forward a copy thereof to the appropriate Government."

ഓരോ വർഷം കഴിയുമ്പോൾ അപ്രോപ്രിയേറ്റ് ഗവൺമെന്റിന്റെ മുന്നിലേക്ക് അവർ ഒരു റിപ്പോർട്ട് തയ്യാറാക്കി ഇൻഫർമേഷൻ കമ്മീഷൻ തരണം എന്നുള്ളതാണ് ഇതിലെ ഏറ്റവും പ്രധാനമായ ഭാഗം. ഞാൻ രണ്ടാമത്തെ ക്ലോസ്സിലേക്ക് പോകുന്നില്ല, ബഹുമാനപ്പെട്ട ചെയർ ഇത്

അനുവദിച്ചുതന്നതിന് പ്രത്യേകം നന്ദി പറയുകയാണ്. ഇതിൽ സെക്ഷൻ ക്ലോസ്സ് ഉണ്ട്;

" The State Government, as the case may be, may, as soon as practicable after the end of each year, cause a copy of the report of the State Information Commission, before each House of the State Legislature, where there are two Houses, and where there is one House of the State Legislature before that House."

എന്നുള്ളത് കൃത്യമായി എഴുതി വച്ചിരിക്കുകയാണ്. നമ്മുടെ ഏറ്റവും ദുരന്തകരമായിട്ടുള്ള ഈ അവസ്ഥകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. നിലവിൽ നമ്മുടെ ഹൗസിന്റെ മുമ്പിൽ 2014-15 -ലെയും 2015-16 -ലെയും റിപ്പോർട്ടുകൾ മാത്രമാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. അതിനുശേഷമുള്ള ഒരു റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടിട്ടില്ല. മാത്രമല്ല, നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ മുഴുവൻ അപകടകരമായ അവസ്ഥയിലാണ്. ഡിജിറ്റലൈസേഷൻ നടന്നിട്ടില്ല, കംപ്യൂട്ടറൈസേഷൻ നടന്നിട്ടില്ല. സ്റ്റാഫ് ഷോർട്ടേജ് അവിടെ നിലനിൽക്കുന്നു. ഈ റിപ്പോർട്ടുകൾ 4 കൊല്ലമായി നിയമസഭയിൽ കൊണ്ടുവന്നിട്ടില്ല. 2014 മുതലുള്ള

അപ്പീലുകൾ പെന്റിംഗിലാണ്. ഇത്രയും ഗുരുതരമായ സാഹചര്യത്തിലൂടെ നമ്മുടെ ഇൻഫർമേഷൻ കമ്മീഷൻ പോകുകയാണ്. ഈ ഗൗരവകരമായ സാഹചര്യത്തിൽ നിയമസഭയുടെ അവകാശം, ജനങ്ങളുടെ അവകാശം ഹനിക്കുന്നതായ ഈ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ചെയറിന്റെ ഭാഗത്തുനിന്നും അതിശക്തമായ റൂളിംഗ് ഉണ്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ക്രമപ്രശ്നത്തിന്മേലുള്ള മുഖ്യമന്ത്രിയുടെ മറുപടിയും ചെയറിന്റെ റൂളിംഗും ഒക്ടോബർ 20 -ന് നൽകുന്നതാണ്.